പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 988

11-07-2016 – ൽ മറുപടിയ്ക്ക്

## അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കാനും നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ<br>മത്സ്യബന്ധനവും ഹാർബർ എൻജിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി** |
| എ) | സംസ്ഥാനത്ത് മത്സ്യ ലഭ്യതയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണമെന്തൊണെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) | CMFRI യുടെ കണക്കുകൾ പ്രകാരം 2012 നു ശേഷം കടൽ മത്സ്യങ്ങളുടെ ലഭ്യതയിൽ കുറവ് ഉണ്ടാകുന്നുണ്ട്. മത്സ്യസമ്പത്ത് കുറയുന്നത് പ്രധാനമായും കാലാവസ്ഥ വ്യതിയാനം, അമിത ചൂഷണം, അശാസ്ത്രീയ മത്സ്യബന്ധനം എന്നീ കാരണങ്ങളാലാണ്. |
| ബി) | കടലിൽ നിന്ന് ചെറുമത്സ്യങ്ങളെ വളം നിർമ്മാണത്തിനും മറ്റുമായി വ്യാപകമായ തോതിൽ പിടിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) | ചെറുമത്സ്യങ്ങളെ വളം നിർമ്മാണത്തിനും മറ്റുമായി പിടിക്കുന്നത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെറിയ മത്സ്യങ്ങളെ പിടിക്കുന്നത് വംശ വർദ്ധനവിനെ പ്രതികൂലമായി ബാധിക്കുന്നതു വഴി മത്സ്യ സമ്പത്തിനെയും പ്രതികൂലമായി ബാധിക്കുന്നു. |
| സി) | അനിയന്ത്രിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം തടയുന്നതിനും സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | സി) | അനിയന്ത്രിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം തടയുന്നതിനുള്ള കെ.എം.എഫ്.ആർ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടലിൽ നിരന്തരം |

| | | | |
|---|---|---|---|
| | | | പട്രോളിംഗ് നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**